"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പി.എം.എ.വൈ.(നഗരം), പി.എം.എ.വൈ (ഗ്രാമീൺ) - ഭവന പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി അനുവദനീയമായതിലും ഉയർന്ന തറ വിസ്തൃതിയിൽ വീട് നിർമ്മിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവർക്കും പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ.(സാധാ) നം.2903/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/12/2019

---

പരാമർശം:- 1 06/09/2019-ലെ DB1/312/19/LSGD നമ്പർ സർക്കുലർ

2 കുത്തുപറമ്പ് നഗരസഭ ചെയർമാന്റെ കത്ത്

3 വടകര നഗരസഭ ചെയർമാന്റെ 23/10/2019-ലെ കത്ത്.

**ഉത്തരവ്**

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05.08.2019-ൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം(1) സർക്കുലർ പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭവന നിർമ്മാണങ്ങൾക്ക് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളിൽ, "ഗുണഭോക്താവ് സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി ഉയർന്ന തറ വിസ്തൃതിയിൽ വീട് നിർമ്മിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ളവർക്കും ലൈഫ് മിഷൻ ഭവന നിർമ്മാണ ധനസഹായം പൂർണ്ണമായി നൽകാവുന്നതാണെന്നും അത്തരം വീടുകൾക്ക് അവർ ഭവന നിർമ്മാണം പൂർണ്ണമായി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് അവസാന ഗഡു നൽകേണ്ടതാണ്" എന്നും ഭേദഗതി വരുത്തിയിട്ടുണ്ട്.

2) പി.എം.എ.വൈ.(നഗരം) പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾക്കും പ്രസ്തുത ആനുകൂല്യം അനുവദിക്കണമെന്ന് കുത്തുപറമ്പ് നഗരസഭ ചെയർമാനും, വടകര നഗരസഭ ചെയർമാനും പരാമർശം(2)&(3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് പി.എം.എ.വൈ. (നഗരം), പി.എം.എ. വൈ.(ഗ്രാമീൺ) എന്നീ ഭവന പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി പദ്ധതി പ്രകാരം അനുവദനീയമായതിലും ഉയർന്ന തറ വിസ്തൃതിയിൽ വീട് നിർമ്മിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ളവർക്കും പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ ധനസഹായം പൂർണ്ണമായി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. അത്തരം വീടുകൾക്ക് അവർ ഭവന നിർമ്മാണം പൂർണ്ണമായി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് മാത്രമേ ധനസഹായത്തിന്റെ അവസാന ഗഡു നൽകാൻ പാടുള്ളൂ എന്നും അനുവദനീയമായതിലും കൂടുതൽ തറ വിസ്തൃതിയിൽ ഭവന നിർമ്മാണം നടത്തിയതിനാൽ പദ്ധതി പ്രകാരമുള്ള ധനസഹായം നിഷേധിക്കുകയോ അനുവദിച്ച ആനുകൂല്യം തിരികെ

ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അത്തരം തീരുമാനങ്ങൾ പുനഃപരിശോധിക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.12.20 ..:..:45 IST
Reason: Approved
**സെക്ഷൻ ഓഫീസർ**